# തവക്കുൽ

[التوكُّل]

ഡോ: മുഹമ്മദ് അഷ്റഫ് മൗലവി, മദീന
ഫാമിലി ക്ലാസ് (27– 3 –1432 ബുധൻ)

തയ്യാറാക്കിയത്:നൗഫൽ സ്വലാഹി
മദീന ഇസ്ലാമിക് യൂണിവേഴ്സിറ്റി

د/ محمد اشرف مليباري


المكتب التعاوني للدعوة وتوعية الجاليات بالربوة
Islamic Propagation Office in Rabwah
P.O.Box 29465 RIYADH 11457 – TEL 4454900 – 4916065
FAX: 4970126 - E-Mail: rabwah@islamhouse.com
http://www.islamhouse.com

بِسْمِ اللهِ الرَّحْمَـنِ الرَّحِيم

തവക്കുൽ എന്ന പദം 53 ആയത്തുകളിലും 27 ഹദീസുകളിലും ഏകദേശം 12 അഥറുകളിലും നമുക്ക് കാണാവുന്നതാണ്.(أَثَر)

വിശ്വാസവുമായി ബന്ധപ്പെട്ട ഒരു വിഷയമാണിത്. വിശുദ്ധ ഖുർആൻ വിശ്വാസത്തിന് വലിയ പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഈമാൻ എന്ന പദം ഖുർആനിൽ 437 തവണ ആവർത്തിച്ച് പറയുന്നതായി കാണാം. അത് പോലെ തൗഹീദുമായി ബന്ധപ്പെട്ട പദങ്ങൾ 91 തവണയും പ്രാർത്ഥനയുമായി ബന്ധപ്പെട്ടത് 112 തവണയും കാണാൻ സാധിക്കും.

* ഭൂമിയിൽ ആദ്യമായി ഭിന്നിപ്പ് ഉണ്ടാവാൻ കാരണമായതും, ആവശ്യമെങ്കിൽ ഭിന്നിക്കൽ നിർബന്ധവുമായ കാര്യമാണിത്.

* ആദം നബി(ﷺ)യുടെ കാലം മുതൽ ഏകദേശം 1000 വർഷം ഭിന്നിപ്പുണ്ടായിട്ടില്ല. ശേഷം നൂഹ് നബി(ﷺ)യുടെ കാലത്താണ് പിന്നീട് ഭിന്നിപ്പ് ആരംഭിച്ചത്. ഭിന്നിപ്പിന്റെ കാതലായ വശം ആദർശ വ്യതിയാനമായിരുന്നു.

* ഈമാനില്ലാത്തവരോട് (ആശയപരമായി) ഭിന്നിച്ച് നിൽക്കാം, അത് അനിവാര്യമാണ്. മാതാപിതാക്കളോട് പോലും ഈ കാര്യത്തിൽ സമവായം പാടില്ല എന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു. അല്ലാഹു പറയുന്നു:

وَإِن جَاهَدَاكَ عَلَى أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ (لقمان: ١٥)

(നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും, എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.)

**മാതാപിതാക്കൾ നമുക്ക് എല്ലാമെല്ലാമാണ്, എങ്കിലും ഈ വിഷയത്തിൽ അവരോട് പോലും ഐക്യമില്ല, മാതാപിതാക്കളെക്കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് കാണുക :**

وَقَضَى رَبُّكَ أَلاَّ تَعْبُدُواْ إِلاَّ إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا إِمَّا يَبْلُغَنَّ عِندَكَ الْكِبَرَ أَحَدُهُمَا أَوْ كِلاَهُمَا فَلاَ تَقُل لَّهُمَآ أُفٍّ وَلاَ تَنْهَرْهُمَا وَقُل لَّهُمَا قَوْلاً كَرِيمًا(الإسراء: ٢٣)

(തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും, മാതാപിതാക്കൾക്ക് നൻമ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ട് പേരും തന്നെയോ നിന്റെ അടുക്കൽ വെച്ച് വാർദ്ധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക)

**അവർക്ക് വേണ്ടി (അവിശ്വാസികൾക്ക്)പ്രാർത്ഥിക്കാൻ പോലും പാടില്ല: അവർ അടുത്ത ബന്ധുക്കളാണെങ്കിലും :**

അല്ലാഹു പറയുന്നത് കാണുക:

مَا كَانَ لِلنَّبِيِّ وَالَّذِينَ آمَنُواْ أَن يَسْتَغْفِرُواْ لِلْمُشْرِكِينَ وَلَوْ كَانُواْ أُوْلِي قُرْبَى مِن بَعْدِ مَا تَبَيَّنَ لَهُمْ أَنَّهُمْ أَصْحَابُ الْجَحِيمِ (التوبة: ١١٣)

ബഹുദൈവവിശ്വാസികൾ ജ്വലിക്കുന്ന നരകാഗ്നിയുടെ അവകാശികളാണെന്ന് തങ്ങൾക്കു വ്യക്തമായിക്കഴിഞ്ഞതിന് ശേഷം അവർക്കുവേണ്ടി പാപമോചനം തേടുവാൻ–അവർ അടുത്ത ബന്ധമുള്ളവരായാൽ പോലും–പ്രവാചകന്നും സത്യവിശ്വാസികൾക്കും പാടുള്ളതല്ല.

**ഇബ്റാഹീം(ﷺ)ന്റെ ഇസ്തിഅ്ഫാറിനെ കുറിച്ച് അല്ലാഹു പറഞ്ഞത് കാണുക :**

وَمَا كَانَ اسْتِغْفَارُ إِبْرَاهِيمَ لِأَبِيهِ إِلاَّ عَن مَّوْعِدَةٍ وَعَدَهَا إِيَّاهُ فَلَمَّا تَبَيَّنَ لَهُ أَنَّهُ عَدُوٌّ لِلَّهِ تَبَرَّأَ مِنْهُ إِنَّ إِبْرَاهِيمَ لأَوَّاهٌ حَلِيمٌ (التوبة: ١١٤)

(ഇബ്റാഹീം അദ്ദേഹത്തിന്റെ പിതാവിന് വേണ്ടി പാപമോചനം തേടിയത് അദ്ദേഹം പിതാവിനോട് അങ്ങനെ വാഗ്ദാനം ചെയ്തത് കൊണ്ട് മാത്രമായിരുന്നു. എന്നാൽ അയാൾ(പിതാവ്) അല്ലാഹുവിന്റെ ശത്രുവാണെന്ന് അദ്ദേഹത്തിന് വ്യക്തമായപ്പോൾ അദ്ദേഹം അയാളെ (പിതാവിനെ) വിട്ടൊഴിഞ്ഞു. തീർച്ചയായും ഇബ്റാഹീം ഏറെ താഴ്മയുള്ളവനും സഹനശീലനുമാകുന്നു.)

(തന്നെ കല്ലെറിയുമ്പോൾ പോലും ഇബ്റാഹീം(ﷺ) പിതാവിനോട് ദേഷ്യം പിടിച്ചില്ല)

തൗഹീദ് എന്ന പദം പിൽക്കാലക്കാർ കെട്ടിയുണ്ടാക്കിയതാണെന്ന വാദം തെറ്റാണ്. കാരണം വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലുമൊക്കെ ഉള്ള പദമാണത്. സ്വഹീഹുൽ ബുഖാരിയിലെ ഒരു അദ്ധ്യായം തന്നെ കിതാബുത്തൗഹീദ് എന്നാണ്.

പറഞ്ഞു വന്നത് തവക്കുൽ എന്ന വിഷയത്തിന് തൗഹീദുമായി (ഈമാനുമായി) വളരെ ബന്ധമുണ്ട് എന്നാണ്. ഇനി തവക്കുലിനെക്കുറിച്ച്...

അല്ലാഹു പറഞ്ഞിരിക്കുന്നു:

وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ *وَاخْفِضْ جَنَاحَكَ لِمَنِ اتَّبَعَكَ مِنَ الْمُؤْمِنِينَ *فَإِنْ عَصَوْكَ فَقُلْ إِنِّي بَرِيءٌ مِّمَّا تَعْمَلُونَ *وَتَوَكَّلْ عَلَى الْعَزِيزِ الرَّحِيمِ *الَّذِي يَرَاكَ حِينَ تَقُومُ *وَتَقَلُّبَكَ فِي السَّاجِدِينَ *إِنَّهُ هُوَ السَّمِيعُ الْعَلِيمُ (الشعراء: ٢١٤ - ٢٢٠)

* നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക. * നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ ചിറക് താഴ്ത്തി കൊടുക്കുകയും ചെയ്യുക. * ഇനി അവർ നിന്നെ അനുസരിക്കാതിരിക്കുന്ന പക്ഷം, നിങ്ങൾ പ്രവർത്തിക്കുന്നതിനൊന്നും ഞാൻ ഉത്തരവാദിയല്ലെന്ന് നീ പറഞ്ഞേക്കുക.* പ്രതാപിയും കരുണാനിധിയുമായിട്ടുള്ളവനെ നീ ഭരമേൽപിക്കുകയും ചെയ്യുക.* നീ നിന്നു പ്രാർത്ഥിക്കുന്ന സമയത്ത് നിന്നെ കാണുന്നവനത്രെ അവൻ.* സാഷ്ടാംഗം ചെയ്യുന്നവരുടെ കൂട്ടത്തിലുള്ള നിന്റെ ചലനവും (കാണുന്നവൻ)* തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ.

**തവക്കുലിന്റെ ഭാഷാർത്ഥം :**

تَوَكُّل എന്ന പദം تَـوَكَّلَ ഭരമേൽപിച്ചു, يَتَـوَكَّلُ ഭരമേൽപിക്കുന്നു എന്ന പദത്തിന്റെ مَصْـدَر ആണ്. وَكَلَഎന്ന പദമാണ് അതിന്റെ അടിത്തറ.

ഏതെങ്കിലും ഒരു കാര്യം മറ്റുള്ളവരെ ഏൽപിക്കലോ അവരെ അവലംഭിക്കലോ ആണത്. അതിൽ കാര്യങ്ങളിൽ ബലഹീനത രേഖപ്പെടുത്തലും, മറ്റുള്ളവരെ ആശ്രയിക്കലും ഉൾക്കൊള്ളുന്നു.

തവക്കുൽ تَوَاكُل (തവാക്കുൽ)ന്റെ വിപരീതമാണ് وَاكَلَ - يُـوَاكِلُ എന്ന പദത്തിൽ നിന്നാണ് അതുണ്ടായത്. കാര്യങ്ങൾ മുഴുവനായി (കാരണങ്ങൾ തേടാതെ) മറ്റുള്ളവരെ(സൃഷ്ടികളെ) ഏൽപിക്കലാണത്. ഈ ഏൽപിക്കപ്പെടുന്നവർ തന്നെ ഏൽപിക്കുന്നവന് ഉപകാരമോ ഉപദ്രവമോ വരുത്താൻ കഴിവില്ലാത്തവരാണ്. ഇത് പാടില്ലാത്തതാണ്. തവക്കുൽ ഇല്ലാത്തപ്പോൾ ദീനിന് കോട്ടം സംഭവിക്കുന്നു. പ്രശ്നങ്ങൾ ഉണ്ടാവുമ്പോ

ൾ പെട്ടെന്ന് പതറുകയും അനിസ്‌ലാമികങ്ങളിലേക്ക് തിരിയാൻ കാരണമാവുകയും ചെയ്യുന്നു.

എന്നാൽ അല്ലാഹുവിൽ കാര്യങ്ങൾ ഭരമേൽപ്പിക്കുന്നവൻ അല്ലാഹു തന്റെ വിഭവങ്ങൾ സംരക്ഷിക്കുന്നവനാണ് എന്ന് അറിയുന്നവനാണ്. അത് മുഖേന അവനത് നന്മകൾ കൂട്ടാനും തിന്മകളിൽ നിന്ന് വിട്ട് നിൽക്കാനും കാരണമാകുന്നു. ഭരമേൽപ്പിക്കുന്നവർക്ക് അല്ലാഹു ഏറെ മതിയായവനാണ്. അല്ലാഹു പറയുന്നു :

إِذْ يَقُولُ الْمُنَافِقُونَ وَالَّذِينَ فِي قُلُوبِهِم مَّرَضٌ غَرَّ هَـٰؤُلَاءِ دِينُهُمْ وَمَن يَتَوَكَّلْ عَلَى اللَّهِ فَإِنَّ اللَّهَ عَزِيزٌ حَكِيمٌ (الأنفال: ٤٩)

ഈ കൂട്ടരെ (മുസ്‌ലിംകളെ) അവരുടെ മതവിശ്വാസം വഞ്ചിച്ചു കളഞ്ഞിരിക്കുന്നു എന്ന് കപടവിശ്വാസികളും, മനസ്സിൽ രോഗമുള്ളവരും പറഞ്ഞുകൊണ്ടിരുന്ന സന്ദർഭമത്രെ അത്. വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.

وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ وَمَن يَتَوَكَّلْ عَلَى اللَّهِ فَهُوَ حَسْبُهُ إِنَّ اللَّهَ بَالِغُ أَمْرِهِ قَدْ جَعَلَ اللَّهُ لِكُلِّ شَيْءٍ قَدْرًا (الطلاق: ٣)

വല്ലവനും അല്ലാഹുവിൽ ഭരമേൽപിക്കുന്ന പക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്.

തവക്കുൽ എന്നതിന്റെ സാങ്കേതിക അർത്ഥം معنى التوكل إصطلاحا :

(صدق إعتماد القلب على الله عز وجل في استجلاب المصالح ودفع المضار من أمور الدنيا والآخرة وكلة الأمور كلها إليه وتحقيق الإيمان بأنه لا يعطي ولا يمنع ولا يضر ولا ينفع سواه )

ദുനിയാവിലേയും പരലോകത്തിലേയും കാര്യങ്ങളിൽ പെട്ട നന്മകൾ കിട്ടാനും തിന്മകൾ തടുക്കാനും സത്യസന്ധമായി അല്ലാഹുവിനെ ആശ്രയിക്കലാണ് തവക്കുൽ. കാര്യങ്ങൾ മുഴുവൻ അല്ലാഹുവിൽ ഭരമേൽപിക്കലും അല്ലാഹു അല്ലാതെ നൽകുന്നവനോ തടയുന്നവനോ ഇല്ലെന്നും, ഉപകാരമോ ഉപ

ദ്രവമോ വരുത്തുകയില്ലെന്നുമുള്ള വിശ്വാസം യാഥാർത്ഥ്യമാക്കലുമാണത്.

ശൈഖ് അബ്ദുൽ ഖാദിർ ജീലാനി പറഞ്ഞത് കാണുക: كلام عبد القادر جيلاني في التوكل وفي التوحيد

ആറാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ മരണപ്പെട്ട സ്വാലിഹായ ഒരു മനുഷ്യനായിരുന്നു അബ്ദുൽ ഖാദിർ ജീലാനി. അദ്ദേഹത്തെ ശിയാക്കൾ ദുരുപയോഗപ്പെടുത്തി. അദ്ദേഹത്തിന്റെ പേരിൽ മാലയും മൗലൂദുകളും ഉണ്ടാക്കുകയും അല്ലാഹുവിന് മാത്രം നൽകേണ്ട പ്രാർത്ഥനയും ആരാധനയും അദ്ദേഹത്തിലേക്ക് കൊടുക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞത് ശ്രദ്ധിക്കുക:

وَقَالَ فِي وَصِيَتِهِ لِابْنِهِ عَبْد الرَّزَّاق فِي مَرَض مَوْتِهِ قَالَ:وَكِلِ الحَوَائِجَ كُلّهَا إِلَى اللهِ عز وجل وَاطْلُبْهَا مِنْهُ وَلَا تَثِقْ بِأَحَدٍ سِوَى اللهِ عَزَّ وَجَلّ وَلَا تَعْتَمِدْ إِلَّا عَلَيْهِ التَّوْحِيد التَّوْحِيد التوحيد وَجِمَاعُ الْكُلِّ التَّوْحِيد.(الفتح الرباني والفيض الرحماني ص 373)

അബ്ദുൽ ഖാദിർ ജീലാനി തന്റെ മകൻ അബ്ദുൽ വഹാബിനോട് തന്റെ മരണവേളയിൽ വസ്വിയ്യത്തായി പറഞ്ഞു: അല്ലാഹുവിലേക്ക് മുഴുവൻ കാര്യങ്ങളും നീ ഭരമേൽപിക്കണം, അവ നീ അവനിൽ നിന്ന് മാത്രം തേടണം.അല്ലാഹുവിനെ കൂടാതെ നീ ആരെയും വിശ്വസിക്കരുത്. അവനെയല്ലാതെ ആരെയും നീ അവലംബമായി സ്വീകരിക്കരുത്. തൗഹീദ്.. തൗഹീദ്.. തൗഹീദ്.. എല്ലാറ്റിന്റേയും സംഗമം തൗഹീദ് ആണ്.

**കാരണങ്ങൾ കണ്ടെത്തുന്നത് തവക്കുലിനെ നഷ്ടപ്പെടുത്തില്ല.** الأخذ بالأسباب لا ينافي التوكل

فالأسباب محل حكمة الله وأمره ونهيه والتوكل متعلق بربوبيته وقضائه وقدره فلا تقوم عبودية الأسباب إلا على ساق التوكل ولا يقوم ساق التوكل إلا على قدم

العبودية والله سبحانه وتعالى أعلم. (مدارج السالكين 2\125 ، لإبـن القـيم رحمه الله)

(കാരണങ്ങളിൽ അല്ലാഹുവിന്റെ യുക്തി നില കൊള്ളുന്നു. അപ്പോൾ കാരണങ്ങൾ അല്ലാഹുവിന്റെ യുക്തിയുടെയും കൽപനയുടെയും നിരോധത്തിന്റെയും കേന്ദ്രമാണ്. തവക്കുൽ അല്ലാഹുവിന്റെഖദാഅ്, ഖദ്റു(വിധി വിശ്വാസം)മായും റുബൂബിയ്യത്തുമായും ബന്ധപ്പെട്ട് നിൽക്കുന്നു. കാരണങ്ങളുടെ ആരാധ്യത തവക്കുൽ ഇല്ലാതെ ശരിയാവില്ല. ആരാധനയിൻ മേലല്ലാതെ തവക്കുലും ശരിയാവില്ല)

**തവക്കുലിന്റെയും തവാക്കുലിന്റെയും ഇടയിലുള്ള വ്യത്യാസം:** بين التوكل والتواكل

കാര്യങ്ങൾ അല്ലാഹുവിലേക്ക് ഏൽപിക്കുന്നതോടൊപ്പം കാരണങ്ങൾ സ്വീകരിക്കൽ യഥാർത്ഥ വിശ്വാസിയിൽ നിന്ന് ഉണ്ടാവുന്ന ഒരു ഗുണമാണ്. കാരണം അല്ലാഹു പറഞ്ഞിട്ടുണ്ട്

إِنَّ الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ إِنَّا لَا نُضِيعُ أَجْرَ مَنْ أَحْسَنَ عَمَلًا (الكهف: ٣٠)

(തീർച്ചയായും വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ അത്തരം സൽപ്രവർത്തനം നടത്തുന്ന യാതൊരാളുടെയും പ്രതിഫലം നാം തീർച്ചയായും പാഴാക്കുന്നതല്ല.)

* കാര്യങ്ങൾ നേടിയെടുക്കാൻ പരിശ്രമങ്ങൾ ചെയ്യാതിരിക്കുന്നതിനെ നബി(ﷺ) വിരോധിച്ചിട്ടുണ്ട്. അത് തവക്കുലിൽ പെട്ടതല്ല, മറിച്ച് തവാക്കുലിൽ പെട്ടതാണ് (പരിശ്രമമില്ലാതെ എല്ലാം ശരിയാവും എന്ന വിധം കാര്യങ്ങൾ പൂർണ്ണമായി ഭര മേൽപിക്കൽ)

മുആദ്(ﷺ)വിൽ നിന്ന് ഇമാം മുസ്ലിം ഉദ്ധരിക്കുന്ന ഒരു ഹദീസിൽ ആ കാര്യത്തെ(തവാക്കുൽ) സൂക്ഷിക്കാൻ റസൂൽ (ﷺ) പറഞ്ഞിട്ടുണ്ട്.

عَنْ مُعَاذِ بْنِ جَبَلٍ قَالَ كُنْتُ رِدْفَ رَسُولِ اللَّهِ -صلى الله عليه وسلم- عَلَى حِمَارٍ يُقَالُ لَهُ عُفَيْرٌ قَالَ فَقَالَ « يَا مُعَاذُ تَدْرِى مَا حَقُّ اللَّهِ عَلَى الْعِبَادِ وَمَا حَقُّ الْعِبَادِ عَلَى اللَّهِ ». قَالَ قُلْتُ اللَّهُ وَرَسُولُهُ أَعْلَمُ. قَالَ « فَإِنَّ حَقَّ اللَّهِ عَلَى الْعِبَادِ أَنْ يَعْبُدُوا اللَّهَ وَلاَ يُشْرِكُوا بِهِ شَيْئًا وَحَقُّ الْعِبَادِ عَلَى اللَّهِ عَزَّ وَجَلَّ أَنْ لاَ يُعَذِّبَ مَنْ لاَ يُشْرِكُ بِهِ شَيْئًا ». قَالَ قُلْتُ يَا رَسُولَ اللَّهِ أَفَلاَ أُبَشِّرُ النَّاسَ قَالَ « لاَ تُبَشِّرْهُمْ فَيَتَّكِلُوا ». مسلم

മുആദ് ബിൻ ജബൽ(ﷺ)വിൽ നിന്ന്. അദ്ദേഹംപറഞ്ഞു: ഉഫൈർ എന്ന കഴുതപ്പുറത്ത് റസൂൽ(ﷺ)യുടെ കൂടെ യാത്ര ചെയ്യുകയായിരുന്നു ഞാൻ. അപ്പോൾ റസൂൽ(ﷺ) പറഞ്ഞു: ഏ മുആദ്, അല്ലാഹുവിന്റെ അടിമകൾക്ക് അല്ലാഹുവിനോടുള്ള കടമകളും അല്ലാഹുവിന് അടിമകളോടുള്ള ബാധ്യതകളും എന്താണെന്ന് നിനക്കറിയുമോ? മുആദ്(ﷺ)പറഞ്ഞു: ഞാൻ പറഞ്ഞു: അല്ലാഹുവിനും റസൂലിനുമാണ് കൂടുതൽ അറിയുക اللَّهُ وَرَسُولُهُ أَعْلَمُ (ഇത് റസൂൽ(ﷺ)യുടെ ജീവിത കാലത്ത് മാത്രമാണ് സ്വഹാബത്ത് ഉപയോഗിച്ചത്) റസൂൽ(ﷺ) പറഞ്ഞു: അടിമകൾക്ക് അല്ലാഹുവിനോടുള്ള കടമ അവർ അല്ലാഹുവിനെ മാത്രം ആരാധിക്കലും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കലുമാണ്. അല്ലാഹുവിന് അടിമകളോടുള്ള ബാധ്യത അവനിൽ പങ്ക് ചേർക്കാത്തവരെ ശിക്ഷിക്കാതിരിക്കലാണ്. മുആദ്(ﷺ)പറഞ്ഞു: ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഞാൻ (ഇത്) ജനങ്ങൾക്ക് സന്തോഷവാർത്ത അറിയിക്കട്ടേ ? റസൂൽ(ﷺ) പറഞ്ഞു: അവരെ സന്തോഷവാർത്ത അറിയിക്കേണ്ട, അപ്പോൾ അവർ അതിൽ (പൂർണ്ണമായി) ഭരമേൽപിക്കും.

അഥവാ അവർ കർമങ്ങൾ ഒഴിവാക്കി ഭരമേൽപ്പിക്കും. ഈ കടമകൾ പരിപൂർണമാക്കുന്നത് ചില നിബന്ധനകളാലാണ്, പരിശ്രമങ്ങൾ ഒഴിവാക്കാൻ ഇതിൽ പ്രേരണയില്ല. എന്നാൽ കർമങ്ങൾ ചെയ്യാത്ത ആളുകളുടേയോ, തിന്മ ചെയ്തവരു

ടെയോ അവസ്ഥ – അവർ അല്ലാഹുവിന്റെ ഉദ്ദേശത്തിലാണ് (مَشِيئَة) അല്ലാഹു ഉദ്ദേശിച്ചാൽ അവരെ ശിക്ഷിക്കും, അല്ലാഹു ഉദ്ദേശിച്ചാൽ അവർക്ക് പൊറുത്ത് കൊടുക്കും. ഇവിടെ അല്ലാഹുവിന്റെ ബാധ്യത എന്നത കൊണ്ട് ഉദ്ദേശം: (الله أعلم) ഒന്നുകിൽ അവൻ മരിച്ചാൽ (ഈമാനോട് കൂടി തെറ്റുകൾ ചെയ്തതോ,കർമങ്ങൾ ഉപേക്ഷിക്കുകയോ ചെയ്ത വ്യക്തി) അല്ലാഹു അവനെ ശാശ്വതമായി ശിക്ഷിക്കില്ല എന്നോ (തിന്മയുടെ തോതനുസരിച്ചായിരിക്കും ശിക്ഷ), അല്ലെങ്കിൽ അല്ലാഹു അവന് പൊറുത്ത് കൊടുത്താൽ അവനെ തീരെ ശിക്ഷിക്കില്ല എന്നോ ആണ്.

عن أَبِي هُرَيْرَةَ قَالَ............... قَالَ يَا رَسُولَ اللَّهِ بِأَبِى أَنْتَ وَأُمِّى أَبَعَثْتَ أَبَا هُرَيْرَةَ بِنَعْلَيْكَ مَنْ لَقِىَ يَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ مُسْتَيْقِنًا بِهَا قَلْبُهُ بَشَّرَهُ بِالْجَنَّةِ. قَالَ « نَعَمْ ». قَالَ فَلاَ تَفْعَلْ فَإِنِّى أَخْشَى أَنْ يَتَّكِلَ النَّاسُ عَلَيْهَا فَخَلِّهِمْ يَعْمَلُونَ. قَالَ رَسُولُ اللَّهِ -صلى الله عليه وسلم- « فَخَلِّهِمْ ». (مسلم)

അബൂ ഹുറൈറ(ﷺ)യിൽ നിന്ന്......... ഉമർ(ﷺ) പറഞ്ഞു:അല്ലാഹുവിന്റെ റസൂലേ... താങ്കൾ അബൂ ഹുറൈറയെ താങ്കളുടെ ചെരുപ്പുമായി, ആരെങ്കിലും അല്ലാഹു അല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്ന് ഹൃദയത്തിൽ ഉറപ്പിച്ച് സാക്ഷ്യപ്പെടുത്തിയാൽ അവന് സ്വർഗ്ഗം കൊണ്ട് സന്തോഷിക്കട്ടെ എന്ന് പറഞ്ഞയച്ചോ? റസൂൽ(ﷺ)പറഞ്ഞു:അതെ. ഉമർ(ﷺ)പറഞ്ഞു: അങ്ങനെ ചെയ്യരുത്,ജനങ്ങൾ അതിൻമേൽ ഭരമേൽപ്പിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അവരെ കർമ്മം ചെയ്യുന്നവരായി വിടൂ.റസൂൽ(ﷺ) പറഞ്ഞു: എങ്കിൽ അവരെ (അങ്ങനെ) വിട്ടേക്കൂ.

## തവക്കുൽ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും അനിവാര്യമാണ്:

വിശുദ്ധ ഖുർആനിൽ കാണാം

1. സഹായത്തിന് അർത്ഥിക്കുമ്പോൾ : عند طلب النصر

അല്ലാഹു പറയുന്നു:

إِن يَنصُرْكُمُ اللّهُ فَلاَ غَالِبَ لَكُمْ وَإِن يَخْذُلْكُمْ فَمَن ذَا الَّذِي يَنصُرُكُم مِّن بَعْدِهِ وَعَلَى اللّهِ فَلْيَتَوَكِّلِ الْمُؤْمِنُونَ (آل عمران: ١٦٠)

നിങ്ങളെ അല്ലാഹു സഹായിക്കുന്നപക്ഷം നിങ്ങളെ തോൽപിക്കാനാരുമില്ല. അവൻ നിങ്ങളെ കൈവിട്ടുകളയുന്ന പക്ഷം അവന്നു പുറമെ ആരാണ് നിങ്ങളെ സഹായിക്കാനുള്ളത്? അതിനാൽ സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ.

2. ഉഹ്ദ് യുദ്ധത്തിന് ശേഷം നടന്ന ഹംറാഉൽ അസദ് എന്ന യുദ്ധത്തിനെക്കുറിച്ച്: في غزوة حمراء الأسد بعد أحد

അല്ലാഹു പറയുന്നു:

قال تعالى : الَّذِينَ قَالَ لَهُمُ النَّاسُ إِنَّ النَّاسَ قَدْ جَمَعُواْ لَكُمْ فَاخْشَوْهُمْ فَزَادَهُمْ إِيمَاناً وَقَالُواْ حَسْبُنَا اللّهُ وَنِعْمَ الْوَكِيلُ *فَانقَلَبُواْ بِنِعْمَةٍ مِّنَ اللّهِ وَفَضْلٍ لَّمْ يَمْسَسْهُمْ سُوءٌ وَاتَّبَعُواْ رِضْوَانَ اللّهِ وَاللّهُ ذُو فَضْلٍ عَظِيمٍ (آل عمران: ١٧٣ – ١٧٤)

ആ ജനങ്ങൾ നിങ്ങളെ നേരിടാൻ (സൈന്യത്തെ) ശേഖരിച്ചിരിക്കുന്നു; അവരെ ഭയപ്പെടണം എന്നു ആളുകൾ അവരോട് പറഞ്ഞപ്പോൾ അതവരുടെ വിശ്വാസം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. അവർ പറഞ്ഞു: ഞങ്ങൾക്ക് അല്ലാഹു മതി. ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ. അങ്ങനെ അല്ലാഹുവിങ്കൽ നിന്നുള്ള അനുഗ്രഹവും ഔദാര്യവും കൊണ്ട് യാതൊരു ദോഷവും ബാധിക്കാതെ അവർ മടങ്ങി. അല്ലാഹുവിന്റെ പ്രീതിയെ അവർ പിന്തുടരുകയും ചെയ്തു. മഹത്തായ ഔദാര്യമുള്ളവനത്രെ അല്ലാഹു.

3. ഇബ്റാഹീം നബി(ﷺ)യുടെ ജീവിതത്തിൽ : قصة إبراهيم

عَنِ ابْنِ عَبَّاسٍ قَالَ كَانَ آخِرَ قَوْلِ إِبْرَاهِيمَ حِينَ أُلْقِىَ فِى النَّارِ حَسْبِىَ اللَّهُ وَنِعْمَ الْوَكِيلُ (البخاري)

തവക്കുലിന്റെ ധാരാളം ഉദാഹരണങ്ങൾ ഇബ്റാഹീം(ﷺ)ന്റെ ജീവിതത്തിൽ ഉദ്ധരിക്കാനുണ്ട്. ഇബ്നു അബ്ബാസ്(رضي الله عنه) റിപ്പോ

ർട്ട് ചെയ്യുന്നു. ഇബ്റാഹീം തീയിലേക്ക് എറിയപ്പെടുമ്പോൾ അവസാനമായി പറഞ്ഞത് എനിക്ക് അല്ലാഹു മതി, അവൻ ഭര മേൽപ്പിക്കാൻ എത്ര നല്ലവൻ എന്നായിരുന്നു.

4. മൂസാ നബി(ﷺ)ന്റെ മതാവിന്റെ തവക്കുൽ : وأم موسى

അല്ലാഹു പറയുന്നു

قال تعالى : وَأَوْحَيْنَا إِلَى أُمِّ مُوسَى أَنْ أَرْضِعِيهِ فَإِذَا خِفْتِ عَلَيْهِ فَأَلْقِيهِ فِي الْيَمِّ وَلَا تَخَافِي وَلَا تَحْزَنِي إِنَّا رَادُّوهُ إِلَيْكِ وَجَاعِلُوهُ مِنَ الْمُرْسَلِينَ (القصص: ٧)

മൂസായുടെ മാതാവിന് നാം ബോധനം നൽകി: അവന്ന് നീ മുല കൊടുത്തു കൊള്ളുക. ഇനി അവന്റെ കാര്യത്തിൽ നിനക്ക് ഭയം തോന്നുകയാണെങ്കിൽ അവനെ നീ നദിയിൽ ഇട്ടേക്കുക. നീ ഭയപ്പെടുകയും ദുഃഖിക്കുകയും വേണ്ട. തീർച്ചയായും അവനെ നാം നിന്റെ അടുത്തേക്ക് തിരിച്ച് കൊണ്ട് വരുന്നതും, അവനെ ദൈവദൂതൻമാരിൽ ഒരാളാക്കുന്നതുമാണ്.

لا إزعاج في حياة المسلم ഒരു മുസ്ലിമിന്റെ ജീവിതത്തിൽ പതർച്ചയേ ഇല്ല, ഒരു ഹദീസ് കാണുക:

عَنْ أَنَس بن مَالِكٍ قَالَ قَالَ رَسُولُ اللهِ صلى الله عليه و سلم مَنْ قَالَ يَعْنِي إِذَا خَرَجَ مِنْ بَيْتِهِ بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ يُقَالُ لَهُ كُفِيتَ وَوُقِيتَ وَتَنَحَّى عَنْهُ الشَّيْطَانُ . (الترمذي) (صحيح المشكاة 2443 التحقيق الثاني التعليق الرغيب 264 / 2 ، الكلم الطيب 49 / 58 )

അനസ് ബിൻ മാലിക്(ﷺ) പറഞ്ഞു: റസൂൽ(ﷺ) പറഞ്ഞിട്ടുണ്ട്. വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ (بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لَا حَوْلَ وَلَا قُوَّةَ إِلَّا بِاللهِ) (അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയും ഇല്ല) എന്ന് ആരെങ്കിലും പറഞ്ഞാൽ -അവനോട് പറയപ്പെടും, (നിന്നിൽ നിന്ന് കുഴപ്പങ്ങൾ) തടയപ്പെട്ടിരിക്കുന്നു,നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു, ശൈത്വാൻ അവനിൽ നിന്ന് മാറി പോയിരിക്കുന്നു.(തിർമിദി)

وفي رواية أبي داود قال : «إذا خرج الرَّجُلُ من بيته ، فقال : بسم الله ، توكلتُ على الله ، لا حول ولا قوة إلا بالله، يقال له حينئذ : هُدِيتَ ، وكُفِيتَ ، ووُقِيتَ ، فَيَتَنَحَّى له الشيطانُ ، فيقول شيطانٌ آخرُ : كيف لك برجلٍ قد هُدِيَ ، وكُفيَ، ووُقِيَ ؟»

ഇമാം അബൂദാവൂദിന്റെ റിപ്പോർട്ടിൽ ഇങ്ങനെ കാണാം:

(വീട്ടിൽ നിന്നും പുറത്തിറങ്ങുമ്പോൾ (بِسْمِ اللهِ تَوَكَّلْتُ عَلَى اللهِ لَاحَوْلَ وَلَا قُوَّةَ إِلَّا بِاللهِ) അല്ലാഹുവിന്റെ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു. അല്ലാഹുവിനെ കൊണ്ടല്ലാതെ യാതൊരു കഴിവും ശക്തിയും ഇല്ല) എന്ന് ആരെങ്കിലും പറഞ്ഞാൽ – അന്നേരം അവനോട് പറയപ്പെടും,നിനക്ക് മാർഗം കാണിക്കപ്പെട്ടിരിക്കുന്നു, (നിന്നിൽ നിന്ന് കുഴപ്പങ്ങൾ) തടയ പ്പെട്ടിരിക്കുന്നു,നീ സംരക്ഷിക്കപ്പെട്ടിരിക്കുന്നു, ശൈത്വാൻ അ വന് വഴിമാറി പോയിരിക്കുന്നു.ശൈത്വാനിനോട് വേറെ ശൈ ത്വാൻ പറയും: ഇന്ന മനുഷ്യനെ നിനക്ക് എങ്ങനെ കിട്ടും, അ വൻ മാർഗം കാണിക്കപ്പെട്ടിരിക്കുന്നു,അവൻ സംരക്ഷിക്കപ്പെടുകയും (അവനിൽ നിന്ന് കുഴപ്പങ്ങൾ) തടയപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു.

**ശത്രുക്കൾ കുതന്ത്രത്തിന്റെ വലകൾ നാട്ടുമ്പോൾ ഉള്ള തവക്കുൽ:** التوكل عند نصب الأعداء حبال المكر

وَاتْلُ عَلَيْهِمْ نَبَأَ نُوحٍ إِذْ قَالَ لِقَوْمِهِ يَا قَوْمِ إِن كَانَ كَبُرَ عَلَيْكُم مَّقَامِي وَتَذْكِيرِي بِآيَاتِ اللهِ فَعَلَى اللهِ تَوَكَّلْتُ فَأَجْمِعُوا أَمْرَكُمْ وَشُرَكَاءَكُمْ ثُمَّ لَا يَكُنْ أَمْرُكُمْ عَلَيْكُمْ غُمَّةً ثُمَّ اقْضُوا إِلَيَّ وَلَا تُنظِرُونِ (يونس: 71)

(നബിയേ,) നീ അവർക്ക് നൂഹിനെപ്പറ്റിയുള്ള വിവരം ഓതി കേൾപിക്കുക. അദ്ദേഹം തന്റെ ജനതയോട് പറഞ്ഞ സന്ദർഭം: എന്റെ ജനങ്ങളേ, എന്റെ സാന്നിദ്ധ്യവും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റിയുള്ള എന്റെ ഉൽബോധനവും നിങ്ങൾക്ക് ഒരു വലിയ ഭാരമായിത്തീർന്നിട്ടുണ്ടെങ്കിൽ അല്ലാഹുവിന്റെ മേൽ ഞാനിതാ ഭരമേൽപിച്ചിരിക്കുന്നു.എന്നാൽ നിങ്ങളു

ടെ കാര്യം നിങ്ങളും നിങ്ങൾ പങ്കാളികളാക്കിയവരും കൂടി തീരുമാനിച്ചുറപ്പിച്ചു കൊള്ളൂ.

പിന്നെ നിങ്ങളുടെ കാര്യത്തിൽ (തീരുമാനത്തിൽ) നിങ്ങൾക്ക് ഒരു അവ്യക്തതയും ഉണ്ടായിരിക്കരുത്. എന്നിട്ട് എന്റെ നേരെ നിങ്ങൾ (ആ തീരുമാനം) നടപ്പിൽ വരുത്തൂ. എനിക്ക് നിങ്ങൾ ഇടതരികയേ വേണ്ട.

**അരാധനയും തവക്കുലും:** العبادة والتوكل

وَلِلَّهِ غَيْبُ السَّمَاوَاتِ وَالأَرْضِ وَإِلَيْهِ يُرْجَعُ الأَمْرُ كُلُّهُ فَاعْبُدْهُ وَتَوَكَّلْ عَلَيْهِ وَمَا رَبُّكَ بِغَافِلٍ عَمَّا تَعْمَلُونَ (هود: ١٢٣)

(ആകാശഭൂമികളിലെ അദൃശ്യ യാഥാർത്ഥ്യങ്ങളെ പറ്റിയുള്ള അറിവ് അല്ലാഹുവിന്നുള്ളതാണ്. അവങ്കലേക്ക് തന്നെ കാര്യ മെല്ലാം മടക്കപ്പെടുകയും ചെയ്യും. ആകയാൽ നീ അവനെ ആ രാധിക്കുകയും,അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും നിന്റെ രക്ഷിതാ വ് അശ്രദ്ധനല്ല.)

**ശൈത്വാന്റെ കുഴപ്പങ്ങൾ ഉണ്ടാവുമ്പോൾ:** عند خوفك من الشيطان

إِنَّهُ لَيْسَ لَهُ سُلْطَانٌ عَلَى الَّذِينَ آمَنُواْ وَعَلَى رَبِّهِمْ يَتَوَكَّلُونَ (النحل: ٩٩)

വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽ പിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന്ന് (പിശാചിന്) യാതൊരു അധികാരവുമില്ല; തീർച്ച.

**തവക്കുൽ ചെയ്യുന്നവർക്ക് അല്ലാഹുവിന്റെ ഇഷ്ടം:** محبة الله

فَبِمَا رَحْمَةٍ مِّنَ اللَّهِ لِنتَ لَهُمْ وَلَوْ كُنتَ فَظًّا غَلِيظَ الْقَلْبِ لاَنفَضُّواْ مِنْ حَوْلِكَ فَاعْفُ عَنْهُمْ وَاسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِي الأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ إِنَّ اللَّهَ يُحِبُّ الْمُتَوَكِّلِينَ (آل عمران: ١٥٩)

(നബിയേ,) അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീ ഒരു പരു

ഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പു കൊടുക്കുകയും, അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്.

അല്ലാഹു നമ്മെ എല്ലാവരേയും അവന്റെ സ്വർഗ്ഗത്തിലെ ഉന്നതങ്ങളിൽ ചേർക്കുമാറാവട്ടെ .... ആമീൻ

وصلى الله على نبينا محمد وعلى آله وصحبه أجمعين والحمد لله رب العالمين

************